### (iv) ഇസ്‌ലാമിക കലയുടെ പൊതുഭാഷ

ഇസ്‌ലാമിക കലയെ 'അറബ് കല' എന്നു വിശേഷിപ്പിച്ച പണ്ഡിതന്മാരുണ്ട്. ഇസ്‌ലാമിക സംസ്കാരത്തിന്റെ പൊതുഭാഷ അറബി ആയിരുന്നതിനാലാണത്. ഖുർആന്റെ അവതരണത്തോടെ വ്യക്തമായ വ്യാകരണവും പദശാസ്ത്രവും ഉരുത്തിരിഞ്ഞ് അറബി ഇതര ഭാഷകളെക്കാൾ ഏറെ മുന്നോട്ടു പോവുകയുണ്ടായി. മറ്റു പല ഭാഷകളും 100 കൊല്ലത്തിനിടയിൽ തന്നെ തിരിച്ചറിയാനാവാത്ത വിധം മാറ്റങ്ങൾക്ക് വിധേയമായപ്പോൾ അറബി സഹസ്രാബ്ദത്തിനു ശേഷവും സ്ഥിരത നിലനിർത്തുന്നു. സഞ്ചാരികളായ അറബികളുടെ ഭാഷ അറേബ്യയുടെ ചുറ്റുപാടുമുള്ള സ്ഥിരവാസികൾ സ്വീകരിക്കുകയായിരുന്നു. ഭാഷാ ചരിത്രത്തിലെ അനന്യ സാധാരണമായ ഒരു പ്രവണതയാണിത്. ഇസ്‌ലാമിക നാഗരികതയുടെ ഏറ്റവും ശക്തമായ ആവിഷ്കാര മാധ്യമം അറബിയായിരുന്നു. പവിത്ര ഭാഷ എന്ന പദവി അറബിയെ അറേബ്യയുടെ അതിർത്തിക്കപ്പുറത്തേക്കു വ്യാപിപ്പിച്ചു. അറബ് വംശത്തിന്റെ ഭാഷ എന്നതിൽനിന്ന് ഇസ്‌ലാമിക സമൂഹത്തിന്റെ പൊതുഭാഷ എന്ന പദവിയും അറബിക്ക് കൈവന്നു. അറബെസ്ഖും കലിഗ്രഫിയും അറബി സംസാരിക്കാത്ത മുസ്‌ലിംകളുടെയും സൗന്ദര്യാവിഷ്കാരത്തിന്റെ മാർഗങ്ങളായത് അതുകൊണ്ടാണ്. തുർകി, പേർഷ്യൻ ഭാഷകളെയും അറബി വൻതോതിൽ സ്വാധീനിച്ചു. ഖുർആൻ ഇസ്‌ലാമിക കലയെ ഭാഷകൊണ്ടെന്നതിനെക്കാളേറെ ആശയംകൊണ്ടാണ് സ്വാധീനിച്ചത് എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.